# വഴികളും വിഘ്നങ്ങളും : കെ.ആർ. മീരയുടെ കഥകളെ മുൻനിർത്തിയുള്ള വായനകൾ

**നിമ്മി എ. പി.**

ആൺകോയ്മയുടെ രാഷ്ട്രീയ പ്രതലമാണ് നൂറ്റാണ്ടുകളായി കേരളത്തെ നിയന്ത്രിക്കുകയും നയിക്കുകയും ചെയ്തിരുന്നത്. സ്ത്രൈണാനുഭവങ്ങളും ചിന്തകളും ആവിഷ്കാരങ്ങളും പുരുഷൻ ചിട്ടപ്പെടുത്തിയ ലോകക്രമത്തിൽ പ്രകാശനങ്ങളില്ലാതെ ഇരുളടഞ്ഞു കിടന്നു. പത്തൊൻപതാം നൂറ്റാണ്ടിൻറെ രണ്ടാം പകുതിയോടെയാണ് വിദ്യാഭ്യാസം പോലുള്ള മൗലികാവകാശങ്ങൾ സ്ത്രീകൾക്ക് അനുവദിച്ചു കിട്ടുന്നത്. എഴുതുവാനും വായിക്കാനും തൊഴിൽ തേടുവാനും പ്രതികരിക്കുവാനുമുള്ള അവകാശങ്ങൾ എല്ലാത്തരം സാമൂഹിക കൂട്ടായ്മകൾക്കും കേരള സാഹചര്യത്തിൽ ഇക്കാലത്തും സാധ്യമായിത്തീർന്നിട്ടില്ല എന്നത് നമ്മുടെ സമൂഹം നടന്നു തീർത്തുവെന്ന് പറയപ്പെടുന്ന നവോത്ഥാനപാതകളെക്കുറിച്ച് ആശങ്കകൾ ഉണർത്തുന്ന വസ്തുതയാണ്.

കേരളത്തിലെന്നല്ല , ലോകത്തിലെമ്പാടും പുരുഷന് മേൽക്കോയ്മയുള്ള സാമൂഹികയിടങ്ങൾ പൊതു ഇടമായും സ്ത്രീ ഉൾപ്പെടുന്ന ഗാർഹിക മേഖലകൾ സ്വകാര്യയിടമായുമാണ് കരുതിപ്പോരുന്നത്. നവോത്ഥാനം ജന്മം നൽകിയ മാതൃകാസ്ത്രീസങ്കല്പം കുലീനയായ ഗൃഹനായികയുടെതായിരുന്നുവെന്നും ഫ്യൂഡൽ സദാചാരബന്ധങ്ങളോടും കുടുംബ സംവിധാനങ്ങളോടും പ്രത്യേകിച്ച് നായർ - നമ്പൂതിരി വിഭാഗങ്ങൾ ഉൾപ്പെടുന്ന സംബന്ധവിവാഹത്തോട് എതിരിടുന്ന വേളയിൽ അത് പുരോഗമനപരമായ ഒന്നായി അനുഭവപ്പെട്ടിരിക്കാമെങ്കിലും ദീർഘകാലാടിസ്ഥാനത്തിൽ 'ഗൃഹനായിക' മാതൃക സ്ത്രീജീവിതത്തെ രണ്ട് വിധത്തിൽ നിഷേധാത്മകമായി ബാധിക്കുകയുണ്ടായെന്നും സുനിൽ പി. ഇളയിടം നിരീക്ഷിക്കുന്നുണ്ട്. ആധുനികമായ പൊതുജീവിതത്തിൽ സ്ത്രീയുടെ പദവി വീട്ടമ്മയുടെത് മാത്രമായി മാറുകയും സാമൂഹ്യാധികാരത്തിൽ പങ്കാളിത്തമില്ലാത്ത ഒന്നാംതരം പൗരത്വമായി സ്ത്രീയുടെ പദവി മാറ്റപ്പെടുകയും ചെയ്തു. (സുനിൽ പി. ഇളയിടം: 2016 : 137) പൊതുമണ്ഡലത്തിൽ ഉറച്ചുപോയ ഇത്തരം ബോധങ്ങളോടുള്ള സക്രിയമായ പ്രതികരണങ്ങളാണ് കെ.ആർ. മീരയുടെ കഥകൾ. ആൺകോയ്മയിൽ അധിഷ്ഠിതമായ ജീവിതവ്യവഹാരങ്ങളെ മീര അപനിർമ്മിക്കുന്നു. കുടുംബബന്ധങ്ങളിൽപ്പെട്ടുഴലുന്ന സ്ത്രീ ജീവിതങ്ങളുടെ, നിസ്സഹായാവസ്ഥകളുടെ സൂക്ഷ്മാപഗ്രഥനങ്ങളായി മാറുന്ന മീരയുടെ കഥകൾ.

ഒരു കുടുംബിനിയിൽ നിന്നും പ്രതീക്ഷിക്കുന്നതോ ആവശ്യപ്പെടുന്നതോ അല്ല സാഹിത്യജീവിതം. തൻറെ സ്വപ്നങ്ങൾക്കും യാതനകൾക്കും സർഗപ്രകാശനം നൽകാൻ ഉത്കടമായി അഭിലഷിക്കുന്ന കുടുംബിനിക്ക് കുടുംബപ്രാരാബ്ധങ്ങളുമായി ഏറ്റുമുട്ടിക്കൊണ്ടേ അതു സാധ്യമാകൂ. അവളെ സംബന്ധിച്ചിടത്തോളം അവളിലെ എഴുത്തിനെ തകർത്തെറിയുന്ന തടവറയാണ് കുടുംബം. കുടുംബബന്ധനങ്ങളും സാഹിത്യജീവിതവും തമ്മിലുള്ള സംഘർഷങ്ങളും സ്ത്രീയുടെ രചനാനുഭവങ്ങളും അടയാളപ്പെടുത്തുന്ന മീരയുടെ കഥയാണ് 'ഓർമ്മയുടെ ഞരമ്പ്'. എഴുത്തും ജീവിതവും ഒരുമിച്ചു കൊണ്ടുപോകുമ്പോൾ ഒരു സ്ത്രീയനുഭവിക്കുന്ന സംഘർഷങ്ങളെയും അതിജീവനത്തെയുമാണ് മീര 'ഓർമ്മയുടെ ഞരമ്പി'ൽ രേഖപ്പെടുത്തുന്നത്. കുടുംബം ആവശ്യപ്പെട്ട വൃത്തത്തിനകത്ത് ഒതുങ്ങേണ്ടിവന്നെങ്കിലും സർഗാത്മകയുടെ ഒഴുക്കിനെ 'ഓർമ്മയുടെ ഞരമ്പി'ലെ

നായികയായ വൃദ്ധയ്ക്ക് തടഞ്ഞുനിർത്താനായില്ല. ഒരു കുടുംബിനിയിൽ നിന്ന് സമൂഹം ഈ പുറത്തേയ്ക്കൊഴുകൽ പ്രതീക്ഷിക്കുന്നില്ല. വൃദ്ധയിലൂടെ സമൂഹത്തിൻറെ അഭിപ്രായത്തെ മീര രേഖപ്പെടുത്തുന്നതിപ്രകാരമാണ്.

"സമ്മേളനത്തിന് കവിത വായിച്ച പെങ്കുട്ട്യേ ഇഷ്ടപ്പെട്ടൂന്ന് പറഞ്ഞതിന് ഇവിടെ വലിയ പുകിലായിരുന്നൂത്രെ.... ശര്യല്ലേ? എന്തിനാ പാട്ടും കഥേം! അമ്മ പറഞ്ഞതുപോലെ പെണ്ണായാൽ ചോറും കറീം വയ്ക്കണം, പെറണം" (മീര കെ.ആർ. 2015:37)

സ്ത്രീയുടെ ധർമ്മങ്ങളെക്കുറിച്ച് സമൂഹത്തിനുള്ള പൊതുബോധത്തെയാണ് ഈ വാക്കുകൾ അടയാളപ്പെടുത്തുന്നത്. സമ്മേളനവും കവിത ചൊല്ലലും പാട്ടും കഥയും ഒന്നും സ്ത്രീയുടെ മേഖലകളല്ല. വീടിനകത്തെ പണികളും അതിലെ അംഗങ്ങളുടെ പരിചരണവുമാണ് അവളുടെ കടമ. ധൈഷണിക വ്യാപാരങ്ങളോ സർഗ്ഗാത്മക പ്രവർത്തനങ്ങളോ അല്ല സ്ത്രീയിൽ നിന്നും സമൂഹം പ്രതീക്ഷിക്കുന്നത്.
സ്വകാര്യ മണ്ഡലത്തിൽ താൻ അനുഭവിക്കുന്ന അസ്വാതന്ത്ര്യങ്ങളെ വൃദ്ധ എഴുത്തിൻറെ, സർഗ്ഗാത്മകതയുടെ മണ്ഡലത്തിലേക്ക് പരിവർത്തനം ചെയ്തു. അവരെഴുതിയ ആദ്യ കഥ സ്വാതന്ത്ര്യ സമരത്തിനുവേണ്ടി ജയിലിൽ പോകുന്ന സ്ത്രീയെ കുറിച്ചായിരുന്നു. ആ കഥ എഴുതുമ്പോഴുണ്ടായ അനുഭവത്തെ വൃദ്ധ വിവരിക്കുന്നത് നോക്കുക.

"രാമൻ കുട്ട്യടെ പഴയ നോട്ട്ബുക്ക്, ഇവിടുത്തെ അമ്മ കാണാതെ രാത്രീല് ദാ ഈ മുറീടെ മൂലേല് വിളക്ക കത്തിച്ച് വച്ചിരുന്ന് എഴുത്യ കഥ. ഇവിടുത്തെ അമ്മയ്ക്ക് എഴുതണതും വായിക്കണതും കണ്ടാൽ കലിയിളകും. അതുകൊണ്ട് തറവാട്ടിലേക്ക് എന്താ പ്രയോജനംന്ന് അമ്മ ചോദിക്കും (2015:36)

ഒരു സ്ത്രീയായതുകൊണ്ടു മാത്രം അനുഭവിക്കേണ്ടിവന്ന ഒരവസ്ഥയാണിത്. സ്വന്തം ജീവിതാവസ്ഥകളോട് മല്ലിട്ട് കൊണ്ടു മാത്രമെ ഒരു സ്ത്രീക്ക് സർഗ്ഗാത്മകരചനയിലേർപ്പെടാനാവൂ. കുടുംബത്തിൽ സ്ത്രീയുടെ ഉദ്യോഗം തീരാത്ത വീട്ടുവേലയും കുടുംബാംഗങ്ങളുടെ പരിചരണങ്ങളുമാണ്. അവൾക്ക് അവളുടേതായ വേളകളില്ല. കുടുംബത്തിൽ ഏറ്റവുമാദ്യം ഉണരുന്നവളും ഒടുവിൽ മാത്രം ഉറങ്ങുന്നവളുമാണ് കുടുംബിനി. അതിനാൽ സർഗരചനയ്ക്ക് ഏകാന്തധ്യാനവും മൗനവുമെല്ലാം അപരിത്യാജ്യമാണെന്ന് കവികളും എഴുത്തുകാരൻമാരും മറ്റും ഉന്നയിക്കുന്ന അവകാശവാദങ്ങൾ കേവലം നിരർത്ഥകങ്ങളോ പൊള്ളയായ മേനിപറച്ചിലുകളോ ആയി മാത്രമെ എഴുത്തുകാരികൾക്കു മനസ്സിലാക്കാനാവൂ എന്ന് എൻ.കെ. രവീന്ദ്രൻ നിരീക്ഷിക്കുന്നുണ്ട്. (2010:56). വീടിനകം നൽകുന്ന ഇത്തരം അസ്വാതന്ത്ര്യങ്ങൾക്കെതിരെയായിരുന്നു വൃദ്ധയുടെ ആദ്യകഥ. സ്വകാര്യജീവിതത്തിൽ, തനിക്കു ലഭിക്കാതിരുന്ന സ്വാതന്ത്ര്യത്തിനായാണ് കഥയിലൂടെ അവർ ശ്രമിക്കുന്നത്. പ്രതിഷേധത്തിൻറെയും വിമർശനത്തിൻറെയും സ്വരങ്ങളെ സാഹിത്യപൊതുമണ്ഡലത്തിലൂടെ ഉയർത്തുകയാണ് അവർ.

ആദ്യ കഥയെഴുതുമ്പോൾ ഭർത്താവ് ജയിലിലായിരുന്നു എന്ന സൂചന വൃദ്ധ നൽകുന്നുണ്ട്. കമ്മ്യൂണിസ്റ്റുകാരെ കണ്ടാൽ അറസ്റ്റ് ചെയ്യുന്ന സമയമായിരുന്നു എന്നും പറയുന്നുണ്ട്. രണ്ടാമത്തെ കഥയെഴുതുമ്പോൾ അയാൾ എം.പി. ആയി ഡൽഹിയിലാണ്. പുരുഷൻ എന്ന ലേബലിൽ അയാൾ അനുഭവിക്കുന്ന പൊതുജീവിതത്തിൻറെ സ്വതന്ത്രയിടങ്ങൾ ഗൃഹത്തിനകത്തെ സ്ത്രീക്ക് ലഭിക്കുന്നില്ല. ഭൗതിക ജീവിതത്തിൽ അവർക്ക് നിഷേധിക്കപ്പെട്ട സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള ഒരന്വേഷണം

കൂടിയായി കഥയെഴുത്തിനെ മാറ്റുകയാണ് വൃദ്ധ. സ്ത്രീകളുടെ പൊതുജീവിതപങ്കാളിത്തം ഗാർഹികവത്കരണത്തിൽ അധിഷ്ഠിതമായ പുരുഷാധിപത്യയുക്തികളിൽ ബന്ധിതമാകുന്നതിനെതിരെയുള്ള സർഗ്ഗാത്മക പ്രതികരണമായാണ് അവർ സാഹിത്യലോകത്തെ കാണുന്നത്. വീടിൻറെ സ്വകാര്യതകൾ നിഷേധിക്കുന്ന അസ്വാതന്ത്ര്യത്തിൻറെ ഇടസ്സുകളെ സാഹിത്യ പൊതുമണ്ഡലം സാക്ഷാത്കരിച്ചെടുക്കുന്നതെങ്ങനെ എന്ന് വൃദ്ധയുടെ ജീവിതാനുഭവങ്ങളിലൂടെ മീര തെളിയിക്കുന്നു. എഴുത്തും വായനയും രാഷ്ട്രീയവും എല്ലാം ചേർന്ന ജനാധിപത്യവത്ക്കരിക്കപ്പെട്ട അകം/പുറം വിഭജനങ്ങൾ ഇല്ലാതെയുള്ള ഒരിടമായി കുടുംബം മാറേണ്ടതിൻറെ സൂചനകൾ 'ഓർമ്മയുടെ ഞരമ്പി'ൽ തെളിഞ്ഞു കിടക്കുന്നു.

പുരുഷൻറെ അധികാരത്തെയും സ്ത്രീയുടെ വിധേയത്വത്തെയും സംരക്ഷിക്കുന്ന ധർമ്മമാണ് ഒരു പ്രത്യയശാസ്ത്ര സ്ഥാപനമെന്ന നിലയിൽ കുടുംബം നിർവ്വഹിക്കുന്നത്. ആണധികാരത്തിൻറെ (Patriarchy) പ്രത്യയശാസ്ത്രം എല്ലായ്പ്പോഴും സ്ത്രീയെ നിശ്ശബ്ദയും അദൃശ്യയുമാക്കാൻ ശ്രദ്ധിച്ചു. സ്ത്രൈണത/സ്ത്രൈണാവബോധം ഇവയെല്ലാം സാംസ്കാരികവും ചരിത്രപരവുമായ ഒരു നിർമ്മിതിയാക്കാനും വ്യവസ്ഥാപിതമായിത്തന്നെ സമൂഹമനസ്സിൽ ആ നിർമ്മിതിയെ സ്ഥാപിച്ചെടുക്കാനും പുരുഷാധിപത്യത്തിനു കഴിയുന്നു. സ്ത്രൈണതയെന്നത് സ്ത്രീയുടെ സത്താപരമായ സ്വത്വബോധമായല്ല ഒരു ഘട്ടത്തിലും വിലയിരുത്തപ്പെട്ടത്. പുരുഷാധിപത്യത്തിൻറെ പ്രത്യയശാസ്ത്രങ്ങൾ നിർമ്മിച്ചെടുത്ത ഒരു മാനസികാവസ്ഥ തന്നെയായിരുന്നു മിക്കപ്പോഴും അത്. (ജിസ ജോസ് 2020:10) ഇത്തരം സ്ത്രൈണാവബോധങ്ങളെ മാറ്റിപ്പണിയാനും സ്വത്വബോധമുള്ള സ്വതന്ത്രവ്യക്തിത്വമുള്ള സ്ത്രീത്വങ്ങളെ നിർമ്മിച്ചെടുക്കാനുമുള്ള ശ്രമങ്ങൾ കെ.ആർ. മീരയുടെ കഥകളിൽ പ്രത്യക്ഷമാണ്. ആണധികാരത്തിൻറെ പ്രത്യയശാസ്ത്ര മേൽക്കോയ്മകൾ ഇല്ലാതാക്കേണ്ടതിൻറെയും സമത്വബോധത്തിലൂന്നിയ സ്ത്രീ-പുരുഷബന്ധങ്ങൾ ഉണ്ടാവേണ്ടതിൻറെയും ആവശ്യകതയെ മീരയുടെ കഥകൾ മുന്നോട്ടു വെക്കുന്നു.

കുലീനത, അനുസരണ, വിധേയത്വം, ക്ഷമ തുടങ്ങിയ സ്ത്രൈണഗുണങ്ങൾ മാത്രമല്ല സ്ത്രീക്കു വേണ്ടതെന്നും സ്വതന്ത്രമായി ചിന്തിക്കാനുള്ള ശേഷിയും തൻറേടവും വേണമെന്ന് തിരിച്ചറിഞ്ഞവളാണ് മീരയുടെ 'പശ്യേ പ്രിയേ കൊങ്കണേ'യിലെ സതി. കുടുംബത്തിൻറെ സ്വകാര്യലോകത്ത് സ്ത്രീയെ ബന്ധിയാക്കാനുള്ള ശ്രമങ്ങളെ മറികടന്ന് സ്വന്തം താല്പര്യങ്ങളെ സ്വീകരിക്കുന്നവളാണ് സതി. സതിയുടെയും ഭർത്താവായ പ്രഭാകരൻറെയും ജീവിതത്തെ മീര അവതരിപ്പിക്കുന്നത് നോക്കുക.

"സതി പൂർണ്ണ വിധേയത്വവും അച്ചടക്കവുമുള്ള സ്ത്രീയായിരുന്നു. വിവാഹരാത്രി പാലു കുടിക്കുന്നതിനു മുമ്പേ പ്രഭാകരൻ വ്യക്തമാക്കിയ ടേംസ് ആൻറ് കണ്ടീഷൻസ് അവൾ ഉടനീളം പാലിച്ചു. അധികം സംസാരിക്കരുത്, ശബ്ദം പുറത്തു കേൾക്കരുത്. എൻറെ മനസ്സിൽ സ്നേഹമുണ്ട്. പക്ഷെ ഞാനതു പ്രകടിപ്പിക്കില്ല. എനിക്കീ ചളപള വർത്തമാനം പറയുന്നവൻമാരെയും പെണ്ണുങ്ങളുടെ പുറകെ ഊള വലിപ്പിച്ചു നടക്കുന്നവന്മാരെയും കണ്ടുകൂടാ. അതിനെന്നെക്കിട്ടില്ല. വീട്ടുസാധനങ്ങൾ ഒന്നിച്ചു വാങ്ങും. ഞാനെന്തു കൊണ്ടുവരുന്നോ അതുവെച്ചു ജീവിക്കണം. ഈ വീട്ടിലും നിനക്കുമുള്ള ആവശ്യങ്ങൾ എനിക്കറിയാം. വേണ്ടതു ഞാൻ വാങ്ങും. കൂടുതൽ നിർദ്ദേശങ്ങളും അഭിപ്രായങ്ങളും ആവശ്യമുണ്ടെങ്കിൽ ചോദിക്കാം. അപ്പോൾ പറഞ്ഞാൽ മതി." (മീര കെ.ആർ. 2015:257)

'ഭരിക്കപ്പെടേണ്ടവളാണ് ഭാര്യ' എന്ന പരമ്പരാഗത സങ്കല്പമാണ് പ്രഭാകരനെക്കൊണ്ട് ഇത്തരത്തിൽ പറയിക്കുന്നത്. കുടുംബത്തിലെ അധികാരകേന്ദ്രമായ ഭർത്താവിനെ നിഷേധിച്ചുകൊണ്ട്, സ്വന്തമായി തീരുമാനമെടുത്ത് ദിവാകരനൊപ്പം പുറപ്പെട്ടു പോയാണ് സതി പ്രഭാകരൻറെ ചിന്തകൾക്കുള്ള മറുപടി നൽകുന്നത്. സ്വതന്ത്രമായി ചിന്തിക്കാനും സംസാരിക്കാനും കഴിയുന്ന, സമത്വത്തോടെ കഴിയാൻ സാധിക്കുന്ന ഒരിടമാണ് സ്ത്രീ ആഗ്രഹിക്കുന്നതെന്ന് സതിയുടെ തുടർജീവിതം വെളിവാക്കുന്നു.

വിക്ടോറിയൻ കാലഘട്ടം മുതലാണ് ലൈംഗികത നിയന്ത്രിതവും നിഗൂഢവുമായി ത്തീരുന്നതെന്നും നിയന്ത്രണങ്ങൾ വന്നതോടെ ലൈംഗികത കുടുംബത്തിലേക്കു പരിമിതപ്പെട്ടെന്നും പ്രത്യുല്പാദനമെന്ന ഗൗരവമേറിയ പ്രക്രിയയ്ക്കുവേണ്ടി കുടുംബം അതേറ്റെടുത്തുവെന്നും അതോടെ ലൈംഗികതാവിഷയത്തിൽ മൗനം നിയമമായി മാറിയെന്നും 'ലൈംഗികതയുടെ ചരിത്ര'ത്തിൽ ഫൂക്കോ നിരീക്ഷിക്കുന്നുണ്ട്. (Michel Foucault 1948:3). ലൈംഗികത കുടുംബത്തിനകത്ത് പരിമിതപ്പെട്ടതോടെ അതിനു പറത്തുള്ളതെല്ലാം വിലക്കപ്പെട്ടതായി മാറി. ലൈംഗികതാസ്ഥാപനത്തിൻറെ സദാചാരനിയമങ്ങളെ ദാക്ഷിണ്യമില്ലാതെ ലംഘിക്കുന്ന മീരയുടെ കഥയാണ് 'മോഹമഞ്ഞ'. 'മോഹമഞ്ഞ'യിലെ നായിക മുപ്പത്തഞ്ച് വയസ്സ് കഴിഞ്ഞ വിവാഹമോചിതയാണ്. നായകനാകട്ടെ നാല്പത്തിയഞ്ച് കഴിഞ്ഞ വിവാഹിതനും. വളരെ യാദൃശ്ചികമായാണ് രണ്ടുപേരും കണ്ടുമുട്ടുന്നത്. പരസ്പരം അടുക്കുന്നു. സിനിമ കാണുന്നു. ശരീരം പങ്കുവെക്കുന്നു. രണ്ടുപേരും രണ്ടുവഴിക്ക് പിരിയുന്നു. ഇവിടെ നായിക വിവാഹമോചിതയായ സ്ത്രീയാണ്. പരപുരുഷനുമായുള്ള ലൈംഗികബന്ധം അവളെ സംബന്ധിച്ചിടത്തോളം നിഷിദ്ധമാണ്. അവളാഗ്രഹിച്ചാലും സമൂഹം അതനുവദിക്കില്ല. സമൂഹത്തിൻറെ ഇത്തരം നിലപാടുകളെയാണ് മീര ചോദ്യം ചെയ്യുന്നത്. മുമ്പു കണ്ടിട്ടുള്ള കൈകളിലേതുപോലെ നഖങ്ങൾ കറുത്തതല്ലാത്ത, സിഗററ്റിൻ റെ മഞ്ഞത്തഴമ്പില്ലാത്ത, കൈവെള്ള പരുക്കനല്ലാത്ത നായകൻറെ കൈകളെ തലോടാൻ 'മോഹമഞ്ഞ'യിലെ നായികയ്ക്ക് കഴിയുന്നു. കുറച്ചുനേരത്തെ പരിചയംവെച്ച് മാത്രം വീടും കുട്ടും മറന്ന് നാടും നാട്ടുനടപ്പും മറന്ന് ഇണ ചേരാൻ അവർക്കാകുന്നു. ദാമ്പത്യം എന്ന സ്ഥാപനത്തിൻറെ സദാചാര കല്പിതമൂല്യങ്ങളെല്ലാം ഇവിടെ വഴിമാറ്റപ്പെടുന്നു.

വിവാഹം എന്ന സ്ഥാപനത്തിൻറെ സ്ത്രീവിരുദ്ധ സ്വഭാവത്തെ തിരിച്ചറിഞ്ഞവളാണ് മീരയുടെ 'ശൂർപ്പണഖ'യിലെ അനഘ. "വിവാഹസ്ഥാപനം സ്ത്രീയെ ഒരു പരോപജീവിയും ആശ്രിതയുമാക്കിത്തീർക്കുന്നു. അവളെ ജീവിതസമരത്തിനു കൊള്ളാത്തവളാക്കുകയും അവളുടെ സാമൂഹികബോധത്തെ നശിപ്പിക്കുകയും ഭാവനാശക്തിയെ ദുർബലയാക്കുകയും ചെയ്തുശേഷം അതിൻ റെ സംരക്ഷണം അവളിൽത്തന്നെ അടിച്ചേൽപ്പിക്കുന്നു. അതാകട്ടെ യഥാർത്ഥത്തിൽ ഒരു കെണിയാണ്." വിവാഹസ്ഥാപനത്തിൻറെ സ്ത്രീവിരുദ്ധസ്വഭാവത്തെക്കുറിച്ചുള്ള സ്ത്രീവിമോചന പ്രവർ ത്തകയായിരുന്ന എമ്മാ ഗോൾഡിൻറെ ഈ നിരീക്ഷണം വിവാഹസ്ഥാപനത്തിനകത്ത് പെട്ടുപോകുന്ന അനേകം സ്ത്രീകളുടെ ദുരവസ്ഥയെയാണ് ചൂണ്ടിക്കാണിക്കുന്നത്. അത്തരം ഒരവസ്ഥ ഇല്ലാതിരിക്കാനാണ് താൻ പ്രണയിക്കുന്ന രാംമോഹനോട് ഒന്നിച്ചുജീവിക്കാൻ 'വിവാഹം' എന്നത് മാറ്റി ജസ്റ്റ് ലിവിങ് ടുഗെതർ ആയിക്കൂടെ എന്നവൾക്ക് ചോദിക്കേണ്ടിവരുന്നത്. സ്ത്രീയും പുരുഷനും വിവാഹച്ചടങ്ങുകളൊന്നുമില്ലാതെ ഒന്നിച്ച് ഇണകളായി ജീവിക്കുന്നതാണ് സഹജീവിതം. (ലിവിങ് ടുഗെതർ) സഹജീവികളായി ജീവിക്കുന്ന സ്ത്രീയും പുരുഷനും സമന്മാരും സ്വതന്ത്രരുമാണ്. ഒരാൾ മറ്റൊരാളെ നിയന്ത്രിക്കാനോ അധികാരം പ്രയോഗിക്കാനോ ശ്രമിക്കുന്നില്ല. ഒത്തുപോവാൻ കഴിയില്ല എന്നു തോന്നുമ്പോൾ തമ്മിൽ പിരിയാം. അധികാരത്തിൻറെ അടിച്ചേൽപ്പിക്കലുകൾ അവിടെയില്ല.

ആധിപത്യത്തിൻറെയും കേന്ദ്രീകരണത്തിൻറെയും ഇടമായ കുടുംബവ്യവസ്ഥയിൽ നിന്ന് മേൽ പ്പറഞ്ഞ സഹജീവിത രീതികളിലേക്ക് മാറാനുള്ള ശ്രമങ്ങൾ പുതിയ കുടുംബസംവിധാനങ്ങളിൽ ഉണ്ടാകുന്നുണ്ട്. 'ശൂർപ്പണഖ'യിലെ അനഘയുടെ ചിന്തകൾ മുന്നോട്ട്വെക്കുന്നത് അത്തരം സാധ്യതകളെയാണ്.

ആധുനികാനന്തര പൊതുമണ്ഡലത്തിൻറെ ആവിർഭാവത്തോടെയാണ് പൊതു/സ്വകാര്യ ഇടങ്ങളുടെ വേർതിരിവുകൾ ക്രമേണ ഇല്ലാതെയാകുന്നത്. സ്നേഹം, കരുതൽ എന്നിവയാൽ മാത്രം പുലരുന്നതായി കരുതുന്ന കുടുംബത്തിനും അതിനകത്തെ സ്ത്രീക്കും പൊതുകാര്യചർച്ചകളിലും സംവാദങ്ങളിലും ഏർപ്പെടാനുള്ള സ്വാതന്ത്ര്യമുണ്ടെന്ന തിരിച്ചറിവ് സാമൂഹ്യമാധ്യമങ്ങൾ വഴി രൂപപ്പെട്ട ആധുനികാനന്തര പൊതുമണ്ഡലം നൽകി. ഇത്തരം തിരിച്ചറിവ് ലഭിച്ചവൾ കൂടിയാണ് 'ശൂർ പ്പണഖ'യിലെ അനഘ. അധ്യാപികയായി ജോലിയിൽ ചേർന്ന അന്ന് തന്നെ അവൾക്ക് നേരിടേണ്ടിവന്ന ചോദ്യം മിസ് ഒരു ഫെമിനിസ്റ്റല്ലേ എന്നതാണ്. ആ അധികാരത്തിൻറെ പ്രത്യയശാസ്ത്ര ധർമ്മങ്ങൾ കൈയ്യടക്കി വെച്ചിരിക്കുന്ന പൊതുയിടങ്ങളിലേക്ക് സ്ത്രീകൾ പ്രവേശിക്കുമ്പോൾ പൊതുസമൂഹത്തിനുണ്ടാകുന്ന സംഘർഷത്തിൽ നിന്നുണ്ടാകുന്ന ചോദ്യമാണത്. ഈ ചോദ്യത്തെ അനഘ നേരിട്ട വിധത്തെ കഥാകാരി അവതരിപ്പിക്കുന്നതിപ്രകാരമാണ്.

"അനഘ അപ്പോൾ തന്നെ അവനെ ഗെറ്റൗട്ടടിച്ചു. തിരിച്ചെടുക്കാൻ വിസമ്മതിച്ചപ്പോൾ സമരം വന്നു. വിട്ടുവീഴ്ചയ്ക്ക് തയ്യാറാകാതിരുന്നപ്പോൾ സമരം ശക്തമായി. ഫെമിനിസ്റ്റുനേതാവായതുകൊണ്ടു സംഘടനയുടെയും മാതൃ പാർട്ടിയുടെയും പിന്തുണ അനഘയ്ക്കു കിട്ടി. കോളേജ് അനിശ്ചിതകാലത്തേക്ക് അടച്ചു. വലിയ മാറിടമുള്ള കോലങ്ങൾക്കും ചുവരെഴുത്തുകൾക്കും ഇടയിലൂടെ പതറാതെ നടന്നപ്പോൾ സഹപ്രവർത്തകരും പി.പി. അനഘയെ ശൂർപ്പണഖ എന്നു വിളിച്ചു. അനഘ തളർന്നില്ല." (മീര കെ.ആർ. 2015: 68)

പൊതുയിടങ്ങൾ സ്ത്രീക്കും കൂടി അവകാശപ്പെട്ടതാണെന്നും സ്ത്രീ നേരിടുന്ന വെല്ലുവിളികൾ പൊതുയിടങ്ങളിൽ അവതരിപ്പിക്കേണ്ടതുണ്ടെന്നും അനഘ വിശ്വസിക്കുന്നുണ്ട്. ആധുനികാനന്തര പൊതുമണ്ഡലം നൽകിയ അനുഭവജ്ഞാനങ്ങളാണ് അത്തരം വിശ്വാസങ്ങളിലേക്ക് അനഘയെപോലുള്ളവരെ നയിക്കുന്നത്.

സാമൂഹിക പ്രതിബദ്ധത പുരുഷൻറെത് മാത്രമല്ലെന്നും സ്ത്രീക്കും ഉത്തരവാദിത്വമുണ്ടെന്ന് അനഘ തെളിയിക്കുന്നു. അതുകൊണ്ടാണ് പ്രസവം കഴിഞ്ഞ് പതിനൊന്നാം ദിവസം അനഘ തൊടുപുഴ പീഡനകേസ്സിൽ പോലീസ്സ്റ്റേഷൻ ധർണ്ണക്കു പോയത്. ഭർത്താവായ രാംമോഹന് ഇതംഗീകരിക്കാനാകുന്നില്ല. അയാളടങ്ങുന്ന പുരുഷാധിപത്യ പൊതുബോധം ഇത്തരം സാമൂഹികധർ മ്മങ്ങൾ സ്ത്രീ നിറവേറ്റേണ്ടതായി കരുതുന്നില്ല. മുലയൂട്ടുന്നതിനേക്കാൾ വലിയ സാമൂഹികധർ മ്മമൊന്നും സ്ത്രീക്കില്ലെന്ന് വിശ്വസിക്കുന്നവനാണ് രാംമോഹൻ.

അരാഷ്ട്രീയതയുടെയും വ്യക്തിപരമായ സ്വകാര്യതയുടെയും വിശ്രമത്തിൻറെയും ഇടമായാണ് പുരുഷലോകം വീടിനെ നോക്കികാണുന്നത്. സാമൂഹിക പ്രശ്നങ്ങൾ അവിടെ ചർച്ച ചെയ്യേണ്ടിവരില്ല. ഈ ബോധത്തെയാണ് അനഘ വെല്ലുവിളിക്കുന്നത്. നിരോധനങ്ങളുടെയും അവസാനിക്കാത്ത അധ്വാനത്തിൻറെ ഇടമായ വീടും പൊതുയിടവും സമാന്തരമായി കൊണ്ടുപോകേണ്ടതുണ്ടെന്നും സ്ത്രീയനുഭവിക്കുന്ന പ്രശ്നങ്ങൾ വീടിനകത്തായാലും പുറത്തായാലും പൊതുചർച്ചയ്ക്ക്

വിഷയമാകേണ്ടതുണ്ടെന്നും പൊതു/സ്വകാര്യ ഇടങ്ങളുടെ അതിരുകൾ മാറ്റപ്പെടേണ്ടവയാണെന്നുമുള്ള സൂചനകൾ കഥ മുന്നോട്ടുവെക്കുന്നു.

എത്രയൊക്കെ സംഘർഷങ്ങളുണ്ടാകുമ്പോഴും കുടുംബം കല്പിച്ച അതിർത്തിക്കുള്ളിൽ തന്നെയാണ് പലപ്പോഴും സ്ത്രീജീവിതം നിലകൊള്ളുന്നത്. സ്വയാധികാരമുള്ള സ്വതന്ത്രവ്യക്തികളായല്ല സ്ത്രീകളെ സമൂഹം കല്പിക്കുന്നത്.

"പരമ്പരാഗതമായിത്തന്നെ സ്ത്രീകൾ സ്വതന്ത്രവ്യക്തികളല്ല. അവർ ഭർത്താക്കന്മാരുടെയോ കുഞ്ഞുങ്ങളുടെയോ സ്വത്താണ്. ഭർത്താക്കൻമാർക്കും കുട്ടികൾക്കും ഏതുനേരവും അവരുടെ സേവനമോ സഹായമോ ആവശ്യപ്പെടാം. വിശദീകരണങ്ങൾ തേടാം. അതനുസരിക്കാൻ അവർ ബാധ്യസ്ഥരാണ്. കുടുംബത്തിനോ ഗ്രൂപ്പിനോ അവകാശപ്പെട്ടവരാണവർ. അവർ അവരവർക്കുവേണ്ടിയുള്ളതല്ല" (Simone de Beauvoir 1987:18).

സിമോൻ ദി ബുവെയുടെ ഈ നിരീക്ഷണം കേരളീയ കുടുംബാന്തരീക്ഷത്തിലെ സ്ത്രീയാവസ്ഥയുടെ നേർകാഴ്ചയാണ്. ഇത്തരം അവസ്ഥകളെയാണ് മീരയുടെ കഥകൾ ചോദ്യം ചെയ്യുന്നത്. പാപചിന്തകളില്ലാത്ത, സ്വന്തമായി ഇഷ്ടാനിഷ്ടങ്ങൾ ഉള്ള സ്ത്രീവ്യക്തിത്വങ്ങളെ മീര ഉൾപ്പെടുന്ന ആധുനികാനന്തര കഥകൾ വാർത്തെടുക്കുന്നുണ്ട്. ദുഃഖിതയും നിസ്സഹായയും അപമാനിതയും ആകാതെ ഉത്തരവാദിത്വബോധവും ആത്മാഭിമാനവുമുള്ള, തൻറേടമുള്ള സ്ത്രീകൾ അവിടെ സൃഷ്ടിക്കപ്പെടുന്നു. സക്കറിയ അഭിപ്രായപ്പെട്ടതുപോലെ മീരയുടെ കഥകളിലെ സമർഥവും സൂക്ഷ്മവുമായ പ്രതിരോധം സ്ത്രീയുടെ പരാതിപ്പെടലുകളല്ല, സ്ത്രീയുടെ അവസ്ഥയുടെ പ്രതിഭാപൂർണ്ണമായ അപനിർമ്മാണമാണ്. ജനാധിപത്യബോധങ്ങൾ നിലനിർത്തുന്ന തുറസ്സായ ഇടങ്ങളായി കുടുംബത്തെ നോക്കിക്കാണാനുള്ള ശ്രമങ്ങളെ മീരയുടെ കഥകൾ ഉറപ്പിച്ചെടുക്കുന്നു. കുടുംബത്തിനകത്തേക്കും പുറത്തേക്കുമുള്ള സ്ത്രീപുരുഷസഞ്ചാരങ്ങളെ അംഗീകരിക്കേണ്ടതിൻറെയും ലിംഗപദവീബന്ധങ്ങളിലെ മാറ്റത്തിൻറെയും ആവശ്യകതയെ ചൂണ്ടിക്കാണിക്കുകയും അധികാരഭാവത്തെക്കാൾ സമത്വാധിഷ്ഠിതമായ ഒരന്തരീക്ഷം സമൂഹത്തിൽ രൂപപ്പെടേണ്ടതുണ്ടെന്നും മീരയുടെ കഥകൾ സ്ഥാപിച്ചെടുക്കാൻ ശ്രമിക്കുന്നു.

**റഫറൻസ്**

1. ജിസ ജോസ്, സ്ത്രീവാദസൗന്ദര്യശാസ്ത്രം- പ്രയോഗവും പ്രതിനിധാനവും, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2020.
2. താരാബായ് ശിന്ദെ, സ്ത്രീപുരുഷതുലനം - പുരുഷാധിപത്യത്തിനെതിരെ 1882 ൽ പ്രസിദ്ധീകരിച്ച പ്രബന്ധം, വിവർത്തനം മാനസി, ഡി.സി. ബുക്സ്, കോട്ടയം, 2017
3. സുനിൽ. പി. ഇളയിടം, കേരളീയ നവോത്ഥാനം ചില വീണ്ടുവിചാരങ്ങൾ, ബിനീഷ് പുതുപ്പണം (എഡി.) മലയാളിയുടെ അദൃശ്യസഞ്ചാരങ്ങൾ, വിദ്യാർത്ഥി പബ്ലിക്കേഷൻസ്, കോഴിക്കോട്, 2016.
4. മീര കെ.ആർ, കഥകൾ, ഡി.സി. ബുക്സ്, കോട്ടയം, 2015
5. രവീന്ദ്രൻ എൻ.കെ, പെണ്ണെഴുതുന്ന ജീവിതം, മാതൃഭൂമി ബുക്സ്, കോഴിക്കോട്, 2010.
6. Michel Foucault, The History of Sexuality, Vol. 1 Harnmonds worth, Penguin, 1948.

7. Simon de Beauvoir, women and creativity in Tovil Moi (ed), French Feminist Thought A Reader, oxford : Basil Blackwell, 1987.